18103143

(Pages : 2)

Reg. No.................................

Name.....................................

# B.A. DEGREE (C.B.C.S.) EXAMINATION, JUNE 2018

## Second Semester

Malayalam Language and Literature—Model I

Complementary Course : ML 2CM T03—ADHUNIKA LOKA KAVITHA

(2017 Admission Onwards)

Time : Three Hours

Maximum : 80 Marks

## പാർട്ട് എ

അരപ്പുറത്തിൽ കവിയാതെ ഏതെങ്കിലും പത്തു ചോദ്യത്തിന് ഉത്തരമെഴുതുക.
ഓരോന്നിനും 2 മാർക്ക് വീതം.

1. ഏഷ്യൻ കവിതകളുടെ പൊതുസ്വഭാവം എഴുതുക.
2. സിംബലിസം എന്നാലെന്ത് ?
3. "ദ്രവ ചിത്രങ്ങൾ ചേർത്തു

   ചമച്ചതാണീച്ചുമർ

   അവയോ മായ്ക്കുന്നു

   നിന്നെ, നാമങ്ങൾ പോലെ"

   —സാരസ്യം വ്യക്തമാക്കുക.
4. വിവർത്തനം എന്നാലെന്ത് ?
5. മെസ്റ്റിസോ കാവ്യശാസ്ത്രം—കുറിപ്പെഴുതുക.
6. ആധുനികതാവാദം എന്നതുകൊണ്ട് അർത്ഥമാക്കുന്നതെന്ത് ?
7. "സമയമാകും നേരം ഞാനുമേ വന്നെത്തിടും"—ആരുടെ വാക്കുകൾ ? വ്യക്തമാക്കുക.
8. "ഏതു നിമിഷവും ചാടിവീഴാൻ

   ഓരോ തുള്ളി മഷിയിലുമുണ്ട്

   ഒരു കൂട്ടം വേട്ടക്കാർ"

   —സന്ദർഭം വിവരിക്കുക.
9. കൊളോണിയലിസം എന്നാലെന്തെന്ന് വ്യക്തമാക്കുക.
10. 'പ്രമാണം' എന്ന കവിതയിൽ അവതരിപ്പിക്കപ്പെടുന്ന പരിസ്ഥിതി പ്രശ്നമെന്ത് ? വിശദമാക്കുക.

11. സെസാർ വയെഹോയുടെ കവിതകളിൽ ഒറ്റപ്പെടൽ, സഹനം എന്നീ ആശയങ്ങൾ എപ്രകാരമാണ് പ്രതിഫലിക്കുന്നത് ?

12. 'ആൽബാട്രോസ്' എന്ന കവിത ഒരു ഭാവഗീതമാണ്. സമർത്ഥിക്കുക.

(10 × 2 = 20 marks)

## പാർട്ട് ബി

ഒന്നരപ്പുറത്തിൽ കവിയാതെ ഏതെങ്കിലും **ആറ്** ചോദ്യത്തിന് ഉത്തരമെഴുതുക.

ഓരോന്നിനും 5 മാർക്കു വീതം.

13. അതിജീവിക്കാനുള്ള നിരന്തര പരിശ്രമവും പരിഹാസവുമാണ് നിക്കനോർ പാർറയുടെ കവിത —വിശദീകരിക്കുക.

14. ഭൂത-വർത്തമാനകാലാനുഭവങ്ങളുടെ സമ്മേളനമാണ് 'സ്മരണ'—സമർത്ഥിക്കുക.

15. പാലസ്തീൻ കവിതകളുടെ പൊതുസ്വഭാവങ്ങൾ എന്തെല്ലാം ?

16. 'എന്റെ അമ്മയോട്' എന്ന കവിതയിലെ ബിബ്ലിക്കൽ പശ്ചാത്തലം വിവരിക്കുക.

17. വിവർത്തന കവിതകൾ മുന്നോട്ടുവയ്ക്കുന്ന വിശ്വമാനവസങ്കല്പം വിവരിക്കുക.

18. 'മരിച്ചവർക്കെതിരെ' എന്ന കവിതയിൽ തെളിയുന്ന വിരുദ്ധോക്തിയുടെ തലങ്ങൾ വിവരിക്കുക.

19. പരോക്ഷ വിവർത്തനത്തിന്റെ പരിമിതികൾ എന്തെല്ലാം ?

20. 'കറുമ്പി' എന്ന കവിതയുടെ സമകാലിക പ്രസക്തിയെക്കുറിച്ച് വിവരിക്കുക.

21. 'കളി' എന്ന കവിതയിലെ ഭൂത-വർത്തമാന ചിന്തകൾ എന്തെല്ലാം ?

(6 × 5 = 30 marks)

## പാർട്ട് സി

നാലു പുറത്തിൽ കവിയാതെ ഏതെങ്കിലും **രണ്ട്** ചോദ്യത്തിന് ഉത്തരമെഴുതുക.

ഓരോന്നിനും 15 മാർക്കു വീതം.

22. ലോകചരിത്രത്തിലെ സങ്കീർണ്ണമായ ദിശാവ്യതിയാനമാണ് ആധുനിക ലോക കവിതകൾ—വിവരിക്കുക.

23. ഹീബ്രൂ കവിതകളുടെ സവിശേഷതകൾ ഉദാഹരണസഹിതം വിശദീകരിക്കുക.

24. 'കരുണ' എന്ന സ്വതന്ത്ര കവിതയും 'അഭിസരണം' എന്ന വിവർത്തന കവിതയും കാവ്യാവിഷ്കാരത്തിൽ എങ്ങനെ വ്യത്യാസപ്പെട്ടിരിക്കുന്നു ? വിവരിക്കുക.

25. മലയാളത്തിലെ ആധുനിക കവിതയിൽ ലോക കവിതകൾ ചെലുത്തിയ സ്വാധീനം വിശദമാക്കുക.

(2 × 15 = 30 marks)